Malappuram District Police

# 03.07.2017 പെരിന്തൽമണ്ണ

പെരിന്തൽമണ്ണയിൽ വീണ്ടും നിരോധിത കറൻസി നോട്ടുകളുടെ വൻശേഖരം പിടികൂടി. ആയിരം, അഞ്ഞൂറ് രൂപ കറൻസി നോട്ടുകൾ അടങ്ങിയ ഒരുകോടി രൂപയുമായി മൂന്നുപേരെ പെരിന്തൽമണ്ണ പൊലീസ് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. പെരിന്തൽമണ്ണ പൊന്ന്യാക്കുർശി സ്വദേശി കണ്ണൻതൊടി കുഞ്ഞുമൊയ്തീൻ (44), തേക്കിൻകോട് സ്വദേശി പത്തത്ത് മുഹമ്മദ് റംഷാദ്(28), പട്ടിക്കാട് സ്വദേശി തെക്കുംപുറത്ത് നിസാം (27) എന്നിവരാണ് പിടിയിലായത്. ആഡംബരകാറിൽ നിരോധിത കറൻസികൾ പെരിന്തൽമണ്ണയിലേക്ക് പുറപ്പെട്ടിട്ടുണ്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ ഡി.വൈ.എസ്.പി എം.പി മോഹനചന്ദ്രൻ, സി.ഐ സാജു കെ. എബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് ശനിയാഴ്ച രാത്രി പെരിന്തൽമണ്ണ പാതായ്ക്കര ഫയർ സ്റ്റേഷൻ റോഡിൽ വെച്ച് ഒരു കോടി രൂപയുമായി പ്രതികൾ അറസ്റ്റിലായത്. പാലക്കാട് ചെർപ്പുളശ്ശേരിക്കടുത്ത് വിട്ടിക്കാട് സ്വദേശിയുടേതാണ് പണമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ രേഖകളില്ലാതെ അനധികൃതമായി നിരോധിത കറൻസി കൈവശം വെക്കുന്നവരെ കുറിച്ചും മലപ്പുറം, പാണ്ടിക്കാട്, വേങ്ങര, കോട്ടക്കൽ, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ ഇടനിലക്കാരെ കുറിച്ചും വ്യക്തമായ സൂചന പ്രത്യേകാന്വേഷണ സംഘത്തിന് ലഭിച്ചിട്ടുണ്ട്. ജില്ലയിലെ കുഴൽപണക്കാരുമായി ഇത്തരം സംഘത്തിന് ബന്ധമുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. നിയമം മൂലം കേന്ദ്രസർക്കാർ 1000, 500 രൂപ നോട്ടുകൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവിറക്കിയശേഷം നിരോധിച്ച നോട്ടുകൾ തിരിച്ചുനൽകാനുള്ള കാലാവധി ജൂൺ 30ന് അവസാനിച്ചിരുന്നു. ഇതിനുശേഷമാണ് ഇത്രയും വലിയ നിരോധിത നോട്ടുകളുടെ ശേഖരം പിടികൂടുന്നത്. ഒരുമാസത്തിനിടെ ഇത് രണ്ടാമത്തെ നിരോധിത കറൻസി വേട്ടയാണ് പെരിന്തൽമണ്ണയിൽ നടക്കുന്നത്. 3.20 കോടി രൂപയുടെ നിരോധിത നോട്ടുകളുമായി അഞ്ചുപേരെ ഒരുമാസം മുമ്പ് അറസ്റ്റ് ചെയ്തിരുന്നു. നിരോധിത കറൻസികളുടെ വിപണനത്തിനായി ഒരുസംഘം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏജന്റുമാരെ വെച്ച് പ്രവർത്തിക്കുന്നതായി രഹസ്യവിവരം ലഭിച്ചിരുന്നു. പെരിന്തൽമണ്ണ എസ്.ഐ കെ.സി സുരേന്ദ്രൻ, ടൗൺഷാഡോ പോലീസ് ഉദ്യോഗസ്ഥരായ സി.പി. മുരളി, പി.എൻ. മോഹനകൃഷ്ണൻ, എൻ.ടി. കൃഷ്ണകുമാർ, എം. മനോജ് കുമാർ, ദിനേഷ്, വിനോജ്, അനീഷ് , അജീഷ്, വി.പിൻ, പ്രദീപ്, ജയൻ, സുമേഷ്, നെവിൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.